## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 203 — 14.07.2016 - ൽ മറുപടിക്ക്.

### സംസ്ഥാനത്തെ വ്യവസായ മേഖലയെക്കുറിച്ച് പഠനം

ചോദ്യം

സർവ്വശ്രീ. എൽദോ എബ്രഹാം
സി. ദിവാകരൻ
വി.ആർ. സുനിൽ കുമാർ
ഗീതാ ഗോപി.

മറുപടി

ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും കായികവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ വ്യവസായ മേഖലയെക്കുറിച്ച് പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച എന്തെല്ലാം വിഷയങ്ങളാണ് പഠന വിധേയമാക്കുന്നതെന്ന് വിശദമാക്കാമോ ;<br><br>(ബി) പഠനത്തിനായി വിദഗ്ദ സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ സമിതി എന്നത്തേക്ക് രൂപീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ | (എ) & (ബി) ഉണ്ട്.<br>റിയാബിനെ പുന:സംഘടിപ്പിക്കുകയും ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയും പ്രവർത്തനങ്ങളും ആധുനികവത്കരണവും വൈവിധ്യവത്കരണത്തിനായി സ്വീകരിക്കേണ്ട നടപടികളും പഠന വിധേയമാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെ പ്രാഥമിക അവലോകന യോഗങ്ങൾ നടന്നു കഴിഞ്ഞു.<br>കൂടാതെ കൊച്ചിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ് ആന്റ് ഡവലപ്പ്മെന്റ്, ചെറുകിട-സൂക്ഷ്മ-ഇടത്തരം വ്യവസായങ്ങളെക്കുറിച്ച് പഠനം നടത്തുകയുണ്ടായി. ഈ രംഗത്തെ സംരംഭകരുടെ ശേഷി, അവരുടെ എണ്ണം, കാര്യക്ഷമത, മത്സരം, ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാം, സ്ത്രീ സംരംഭം എന്നിവയായിരുന്നു പഠന വിഷയങ്ങൾ. കേരളത്തിന്റെ കളിമൺ വ്യവസായത്തെക്കുറിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റും പഠനം നടത്തുന്നുണ്ട്. |

| | | |
|---|---|---|
| (സി) | പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പിനായി എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) : പരമ്പരാഗത വ്യവസായ മേഖലയെ സംരംക്ഷിക്കുന്നതിനായി ക്രിയാത്മക നടപടികൾ സ്വീകരിച്ചു വരുന്നു. കൈത്തറി, കരകൗശല; ഖാദി മുതലായ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ തൊഴിൽ നിലനിർത്തുന്നതിനും അവരുടെ ക്ഷേമത്തിനും വേണ്ടി മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിൽ പരിശീലനവും സാങ്കേതിക സഹായവും നൽകി ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.<br>കരകൗശല തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻസ് (ASHA) എന്ന പേരിൽ ഒരു പദ്ധതി ഈ വർഷം നടപ്പിലാക്കുന്നുണ്ട്. വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നുണ്ട്. ബനാന ഫൈബർ, കളിമൺ വ്യവസായം, സ്ക്രൂ പൈൻ, മറ്റ് പ്രകൃതിദത്ത നാരുകൾ ബെൽ മെറ്റൽ തുടങ്ങിയവയുടെ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ളസ്റ്ററുകൾ സ്ഥാപിക്കുന്നുണ്ട്. കരകൗശല വ്യവസായ രംഗത്ത് അവാർഡും ഏർപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.